സ്ഥാപനത്തെ തന്നെ കരിമ്പട്ടികയിൽപ്പെടുത്തുന്നു. കൂടാതെ മറ്റ് നടപടികൾ സ്വീകരിക്കുവാൻവേണ്ടി ഡ്രഗ്സ് കൺട്രോളറേയും വിവരം അറിയിക്കുന്നു. കോർപ്പറേഷൻ സംഭരിക്കുന്ന എല്ലാ മരുന്നുകൾക്കും പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 മുതൽ 50 ശതമാനംവരെ വിലക്കുറവുണ്ട്. കോർപ്പറേഷൻ 2010-11 വർഷത്തേക്ക് വാങ്ങുന്ന 460 ഇനം മരുന്നുകളിൽ 252 ഇനത്തിലും മുൻ വർഷത്തേക്കാൾ വില കുറവാണ്.

(ബി) ഇല്ല. ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരം ഉള്ളവയെന്ന് കണ്ടെത്തുന്ന മരുന്നുകളാണ് കോർപ്പറേഷൻ സ്റ്റോക്കിലെടുത്ത് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്.

(സി) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കുറ്റമറ്റ സംവിധാനമാണ് നിലവിൽ കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) മരുന്ന് സംഭരണ വേളയിൽത്തന്നെ കോർപ്പറേഷന്റെ വിവിധ ജില്ലാ വെയർഹൗസുകളിൽ ലഭിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും വിവിധ സാംപിളുകൾ വ്യത്യസ്ഥസമയങ്ങളിൽ ശേഖരിച്ച് ഒന്നിലധികം എംപാനൽഡ് ലാബുകളിൽ പരിശോധിക്കുവാനും സ്ലോ മൂവിംഗ് മരുന്നുകളുടെ സാംപിൾ ഇടക്ക് ഒരിക്കൽക്കൂടി പരിശോധിച്ച് ഷെൽഫ് ലൈഫ് പീരിയഡിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നവയെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൾഡ് ചെയിൻ സംവിധാനത്തിൽ സൂക്ഷിക്കേണ്ട മരുന്നുകളുടെ ട്രാൻസ്പോർട്ടിങ്ങിൽ വാക്സിൻ വയൽ മോണിറ്റർ സംവിധാനം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങളിലെ കാലതാമസം ഒഴിവാക്കാനും കാര്യക്ഷമത മെച്ചപ്പെടുത്താനുമായി കൂടുതൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള ലാബുകളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രഗ് വെയർ ഹൗസുകൾ ആധുനികവൽക്കരിക്കാനും ഘട്ടംഘട്ടമായി ശാസ്ത്രീയ രീതിയിൽ രൂപകൽപ്പന ചെയ്ത ആധുനിക വെയർഹൗസുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ**

**10 (*220)** ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനങ്ങൾക്ക് ആധുനിക യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതിൽ കെ.എസ്.ആർ.ടി.സി. എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ ;

(സി) എത്ര ഷെഡ്യൂളുകൾക്ക് ഓൺലൈൻ റിസർവേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ഡി) കൂടുതൽ സർവ്വീസുകൾക്ക് പ്രസ്തുത സൗകര്യം ഏർപ്പെടുത്തുമോ ;

(ഇ) പുതുതായി സർവ്വീസ് ആരംഭിക്കുന്ന വെസ്റ്റിബ്യൂൾ സർവ്വീസിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. 2628 പുതിയ ബസ്സുകൾ പണിത് നിരത്തിലിറക്കുകയും 1188 പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുകയും ചെയ്തു.

2. ജെൻറം പദ്ധതി പ്രകാരം തിരുവനന്തപുരത്തും എറണാകുളത്തും ഏ.സി. വോൾവോ/നോൺ എ.സി. ബസ് സർവ്വീസുകൾ ആരംഭിച്ചു.

3. കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകൾ നവീകരിച്ച് എ.സി. ബസ്സ് ഒഴികെയുള്ള ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും പ്രസ്തുത വർക്ക്ഷോപ്പുകളിൽ നടത്തി.

4. എല്ലാ സർവ്വീസുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി

5. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തി

6. ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാൻ എല്ലാ യൂണിറ്റുകളെയും ചീഫ് ഓഫീസുമായി ബന്ധിച്ച് ഇന്റർനെറ്റ് സംവിധാനം പ്രാവർത്തികമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു

7. ഇൻവെന്ററി സംവിധാനം കംപ്യൂട്ടറൈസ് ചെയ്തതിലൂടെ ലോക്കൽ പർച്ചേസ് ഗണ്യമായി കുറച്ചു

8. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി യൂണിറ്റുകളെ 4 മേഖലകളായി തിരിച്ച് മേഖലാടിസ്ഥാനത്തിൽ ഫ്യൂവൽ സെല്ലുകൾ രൂപീകരിച്ചു. 2005-ൽ ഒരു ലിറ്റർ ഡീസലിന് 3.84 കി.മീ. ലഭിച്ചിരുന്നത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 4.27-ൽ എത്തിക്കുവാൻ ഇതുവഴി കഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

9. കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ആക്സിഡന്റ് കൺട്രോൾ & മോണിറ്ററിംഗ് സെല്ലിന് രൂപം നൽകി

10. കോർപ്പറേഷന്റെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി അന്തർദേശീയ നിലവാരമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

(ബി) ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ യാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വോൾവോ എ.സി., എ.സി. സൂപ്പർ ഡീലക്സ് എയർ ബസ് എന്നിവ നിരത്തിലിറക്കിയിട്ടുണ്ട്. വിനോദയാത്രക്കും മറ്റും ഉപകാരപ്രദമാകുന്ന രീതിയിൽ നഗരങ്ങളിൽ ഡബിൾ ഡക്കർ ബസുകൾ അനുവദിക്കുന്നതിനും വെസ്റ്റിബ്യൂൾ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 220 സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൂടുതൽ സർവ്വീസുകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സാധാരണ 12 മീറ്റർ നീളമുള്ള ബസുകളാണ് കേരളത്തിൽ മുഖ്യമായും സർവ്വീസ് നടത്തുന്നത്. എന്നാൽ ബി.എസ്-3 ലൈലാന്റ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട വെസ്റ്റിബ്യൂൾ ബസിന് 16 മീറ്റർ നീളമാണുള്ളത്. ടി ബസ്സിന്റെ റിയർ വീലുകളും ഡ്രൈവർക്ക് നിയന്ത്രിക്കാൻ കഴിയുന്നതാണ്. റിയർ വീലുകളും ഫ്രണ്ട് വീലുകളുടെ ട്രാക്ക് പിന്തുടർന്നു പോകുന്നതിനാൽ ട്രെയിലർ ബസുകളെ അപേക്ഷിച്ച് അപകട സാധ്യത കുറവാണ്. 57 സീറ്റിന് പുറമേ 50% യാത്രക്കാർക്ക് കൂടി നിന്ന് യാത്ര ചെയ്യാവുന്ന തരത്തിലാണ് വെസ്റ്റിബ്യൂൾ ബസ് രൂപകല്പന ചെയ്തിട്ടുള്ളത്.

**പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്**

**11 (*221)** ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്നുമുതൽ ഇത്തരത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നിലവിൽ വരുമെന്ന് അറിയിക്കുമോ ;

(സി) സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായത്തിലൂടെ പൊതുമരാമത്ത് വകുപ്പിലെ ഏതൊക്കെ പ്രവൃത്തികളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly